നമ്പർ ജി (2) 10794/05.

സഹകരണസംഘം രജിസ്ട്രാറാഫീസ്,

തിരുവനന്തപുരം, 13.4.2005.

# സർക്കുലർ നമ്പർ. 9/2005

വിഷയം :- സഹകരണവകുപ്പ്-വാഴൂർ ബ്ളോക്ക് പഞ്ചായത്ത്-കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രി വനിതാ ശിശുവാർഡ് കെട്ടിട നിർമാണം- സഹകരണസ്ഥാപനങ്ങളിൽ നിന്നു സംഭാവന നൽകുന്നതിന് അനുവാദം-ഉത്തരവ്-സംബന്ധിച്ച്

സൂചന:- വാഴൂർ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 5.3.05 ലെ കത്ത്

കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രിയിൽ വാഴൂർ ബ്ളോക്ക് പഞ്ചായത്തിന്റെ കേരള വികസന പദ്ധതി 2004-05ൽപ്പെടുത്തി ഒരു കോടി രൂപ അടങ്കൽ ഉൾപ്പെടുത്തി ഒരു വനിതാ-ശിശു വാർഡ് കെട്ടിട നിർമാണം ആരംഭിച്ചുവെന്നും ആയത് പൂർത്തീകരിക്കുന്നതിനാവശ്യമായ തുക സംഭാവന നൽകുന്നതിന് ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി താലൂക്കിലെ സഹകരണ സ്ഥാപനങ്ങളെ അനുവദിയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബ്ളോക്ക് പഞ്ചായത്തിന്റെ 9.2.05 ലെ തീയതിയിലെ തീരുമാനപകർപ്പ് സഹിതം സൂചന പ്രകാരം വാഴൂർ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

മേൽ അപേക്ഷ പരിഗണിച്ചുകൊണ്ടും കാഞ്ഞിരപ്പള്ളി സർക്കാർ താലൂക്കാശുപത്രിയിൽ ചികിത്സയ്ക്കായി എത്തുന്ന പൊതുജനങ്ങളുടെ ക്ഷേമം കണക്കിലെടുത്തും കാഞ്ഞിരപ്പള്ളി താലൂക്കാശുപത്രി വനിതാ-ശിശു വാർഡ് കെട്ടിട നിർമാണം പൂർത്തിയാക്കുന്നതിനായി വാഴൂർ ബ്ളോക്ക് പഞ്ചായത്തിന് 1969 ലെ കേരള സഹകരണ സംഘങ്ങൾ നിയമത്തിലെ വകുപ്പ് 56 (2) (ഡി) യ്ക്ക് വിധേയമായി സംഭാവന നൽകുന്നതിന് സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കാഞ്ഞിരപ്പള്ളി താലൂക്കിലെ സഹകരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകുന്നു.

ഒപ്പ്

സഹകരണ സംഘം രജിസ്ട്രാർ-ഇൻ-ചാർജ്.

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ), കോട്ടയം.
2. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ചങ്ങനാശ്ശേരി.
3. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), കാഞ്ഞിരപ്പള്ളി.
4. സെക്രട്ടറി, വാഴൂർ ബ്ളോക്ക് പഞ്ചായത്ത് കോട്ടയം ജില്ല.

പകർപ്പ്:- 1. സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.

ആർ.എസ്. 15.4.05